**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5125      27.06.2019 ൽ മറുപടിക്ക്

## സൗജന്യ ചികിത്സാപദ്ധതികൾ

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|
| നിർധന കുടുംബത്തിൽപ്പെടുന്ന രോഗികൾക്ക് എന്തെല്ലാം സൗജന്യ ചികിത്സാ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ? | മാരകമായ രോഗങ്ങൾ കാരണം വിഷമിക്കുന്ന പാവപ്പെട്ട രോഗികളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ (SMAP) കുടുംബവാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള നിർദ്ധന കുടുംബത്തിൽപ്പെടുന്ന ധനസഹായം നൽകുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന രോഗികൾക്ക് ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഒരു രോഗിക്ക് ഒരു തവണ മാത്രമേ ഇതിൻ പ്രകാരം ധനസഹായം ലഭിക്കുവാൻ വ്യവസ്ഥയുള്ളൂ. ഇതുകൂടാതെ SMAP-ന്റെ പരിധിയിൽ വരുന്ന രോഗികൾക്ക് മറ്റേതെങ്കിലും സർക്കാർ ആനുകൂല്യം ലഭ്യമായിട്ടുണ്ടെങ്കിൽ ചികിത്സയ്ക്ക് ആ തുകയേക്കാൾ അധികം വന്ന ചെലവ് രോഗിയുടെ പക്കൽ നിന്നും ചിലവ് വന്നതായി ചികിൽസിക്കുന്ന ഡോക്ടർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ വരെ അനുവദിക്കുന്നുണ്ട്. സംസ്ഥാനത്തെ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ നൽകുന്നതിനായി ആരോഗ്യ കിരണം RBSK (രാഷ്ട്രീയ ബാൽസ്വാസ്ഥ്യ കാര്യക്രമം) എന്നിവ നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്നതിനായി JSSK എന്ന പദ്ധതി നടപ്പാക്കി വരുന്നു.<br>ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ നൽകുന്നതിനായി JSSK എന്ന പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ആരോഗ്യ പരിശോധന, ലബോറട്ടറി പരിശോധന, ചികിത്സ എന്നിവ നൽകി വരുന്നു.<br>BPL കുടുംബങ്ങൾക്കായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ചികിത്സാ പദ്ധതിയാണ് RSBY. ഒരു കുടുംബത്തിന് 30,000/- രൂപയുടെ ചികിത്സാ ആനുകൂല്യം ലഭിക്കുന്നുണ്ട്.<br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥന സർക്കാർ കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് - |

| | |
|---|---|
| | പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന (AB-PMJAY) പദ്ധതിയുമായി സംയോജിച്ചുകൊണ്ട് സംസ്ഥാനത്തു നടപ്പിലാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതി വഴി തിരഞ്ഞെടുത്ത ദുർബല വിഭാഗം ജനങ്ങൾക്ക് ഒരു വർഷം അഞ്ചു ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ തിരഞ്ഞെടുത്ത സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി ലഭ്യമാകും. മാത്രമല്ല ഗുണഭോക്താവിന് രാജ്യത്തെവിടെയും ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ വഴിയും ചികിത്സ തേടാവുന്നതാണ്. നിലവിൽ 2019 മാർച്ച് 31 വരെ സാധുതയുള്ള ആർ.എസ്.ബി.വൈ കാർഡ് ഉള്ളവർക്കോ 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ദുർബലവിഭാഗം ആയവർക്കും പദ്ധതിയിൽ അംഗമാകാവുന്നതാണ്. പദ്ധതി 2019 ഏപ്രിൽ ഒന്ന് മുതൽ സംസ്ഥാനത്തു നിലവിൽ വന്നു. |

സെക്ഷൻ ഓഫീസർ